Newspaper : Deshabhimani
Date : 28.08.2026

# സീഷെൽസ് പ്രതിനിധിസംഘം ഐസിഎആർ- സിഫ്റ്റ് സന്ദർശിച്ചു

**കൊച്ചി**

സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്വ്യവസ്ഥ മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഐസിഎആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സന്ദർശിച്ചു. 28 വരെ നടക്കുന്ന ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം.

ഐസിഎആർ–സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, മുതിർന്ന ശാസ്ത്രജ്ഞർ എന്നിവരുമായി പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി. സീഷെൽസും ഐസിഎആർ–സിഫ്റ്റും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മത്സ്യബന്ധന സാങ്കേതികവിദ്യ, ഗവേഷണം, പരിശീലനം, ശേഷിവികസനം എന്നിവയിൽ ഭാവിയിൽ നടപ്പാക്കാവുന്ന സഹകരണ മേഖലകൾ കണ്ടെത്തുന്നതിനും സന്ദർശനം സഹായകമായി.